**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 607** **09-08-2023 - ൽ മറുപടിയ്ക്ക്**

**എ ഐ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള കോസ്റ്റ് മോഡലിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ ഐ ക്യാമറകൾ സ്ഥാപിക്കാനായി കെൽട്രോൺ നൽകിയ കോസ്റ്റ് മോഡലിംഗ് സംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധന നടത്തിയിരുന്നോ; | (എ) | **സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ. ഐ. ക്യാമറകൾ സ്ഥാപിക്കാനായി കെൽട്രോൺ സമർപ്പിച്ച കോസ്റ്റ് മോഡലിംഗ് ഉൾക്കൊള്ളുന്ന ഗതാഗത വകുപ്പിന്റെ ഫയൽ ധനകാര്യ വകുപ്പ് പരിശോധിച്ചിരുന്നു.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി കെൽട്രോൺ സമർപ്പിച്ച കോസ്റ്റ് മോഡലിംഗിന്റെ ആധികാരികത സംബന്ധിച്ച് ധനകാര്യ വകുപ്പ് അഭിപ്രായം രേഖപ്പെടുത്തിയിരുന്നോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | പ്രസ്തുത പദ്ധതിയ്ക്കായി കെൽട്രോൺ തയ്യാറാക്കിയ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പ് പരിശോധിക്കുകയും പി. എം. സി. ആയി നിശ്ചയിച്ചിട്ടുള്ള കെൽട്രോണിന്റെ കൺസൾട്ടിങ് ചാർജ് അഞ്ച് ശതമാനമായി കുറയ്ക്കണമെന്നും ടി പദ്ധതിയ്ക്കായുള്ള ഫണ്ട് ഏത് ഉറവിടത്തിൽ നിന്നാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കണമെന്നും പ്രസ്തുത എസ്റ്റിമേറ്റ് ഉൾപ്പെടുന്ന പദ്ധതിയ്ക്ക് മന്ത്രിസഭയുടെ അംഗീകാരം വാങ്ങേണ്ടതാണെന്നും അഭിപ്രായപ്പെട്ടിരുന്നു. |
| (സി) | പ്രസ്തുത പദ്ധതി ബി. ഒ. ടി മോഡലിൽ നടപ്പിലാക്കുന്നത് ധനകാര്യ വകുപ്പ് എതിർത്തിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ കാരണം വിശദമാക്കാമോ; | (സി) | പ്രസ്തുത പദ്ധതി ബി. ഒ. ടി. മോഡലിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്നില്ല. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എ ഐ ക്യാമറകൾ സ്ഥാപിക്കാനായി പദ്ധതി ബി.ഒ.ടി മോഡലിൽ നിന്നും ക്യാപ്എക്സ് മോഡൽ ആയതു സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം എന്തായിരുന്നു എന്ന് വിശദമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതി ആന്വിറ്റി മാതൃകയിലാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയ്ക്കായി കെൽട്രോൺ തയ്യാറാക്കിയ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പ് പരിശോധിക്കുകയും പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസി ആയി നിശ്ചയിച്ചിട്ടുള്ള കെൽട്രോണിന്റെ കൺസൾട്ടിങ് ചാർജ് അഞ്ച് ശതമാനമായി കുറയ്ക്കണമെന്നും പ്രസ്തുത എസ്റ്റിമേറ്റ് ഉൾപ്പെടുന്ന പദ്ധതിയ്ക്ക് മന്ത്രിസഭയുടെ അംഗീകാരം വാങ്ങേണ്ടതാണെന്നും അഭിപ്രായപ്പെട്ടിരുന്നു. |

സെക്ഷൻ ഓഫീസർ